ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/03/2017*
*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*




॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 4 ലക്കം 12

**വേദ സൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ജ്യേഷ്ഠം – ആഷാഢം**
**1192 എടവം – മിഥുനം 2017 ജൂൺ**

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹ 1000/-




## റാണി ലക്ഷ്മിബായ് (1828 – 1858)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജൂൺ 1 | : | ഡി. എ. വി (ദയാനന്ദ് ആഗ്ലോവേദിക് കോളേജ്) സ്ഥാപനദിനം |
| ജൂൺ 8 | : | റാണി ലക്ഷ്മിബായ് രക്തസാക്ഷിദിനം |
| ജൂൺ 21 | : | ഡോ. ഹെഡ്ഗേവാർ നിർവ്വാണദിനം |
| ജൂൺ 23 | : | ഡോ. ശ്യാമപ്രകാശ് മുഖർജി രക്തസാക്ഷിദിനം |
| ജൂൺ 27 | : | ബങ്കിം ചന്ദ്രചാറ്റർജി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## *മണ്ഡലം 1 സൂക്തം 7*



*മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ ഗായത്രീഛന്ദഃ ഷഡ്ജഹ സ്വരഃ*

ഇന്ദ്രമിദ് ഗാഥിനോ ബൃഹദിന്ദ്രമർക്കേഭി രർകിണഃ |

ഇന്ദ്രം വാണീരനൂഷത|| *(ഋഗ്വേദം 1. 7. 1)*

**പദാർത്ഥം:** (ഗാഥിനഃ) ഗാനമാലപിക്കുന്നവനും (അർകിണഃ) ചിന്തിക്കുന്ന വിദ്വാനും (അർക്കേഭിഃ)സൽക്കരിക്കാനുള്ള പദാർത്ഥങ്ങൾ സത്യഭാഷണശിൽപ്പ വിദ്യയാൽ നേടിയെടുത്ത കർമ്മവും മന്ത്രവും ചിന്തയും(വാണിഃ) നാലുവേദങ്ങളുടേയും വാണിയെപ്രാപിക്കുന്നതിനായി (ബൃഹത്) വളരെ വലിയ (ഇന്ദ്രമ്) പരമേശ്വരനെ (ഇന്ദ്രമ്) സൂര്യനെയും (ഇന്ദ്രമ്) വായുവിന്റെ ഗുണങ്ങളുടെ ജ്ഞാനത്തെ (അനൂഷത) യഥാവിധി സ്തുതിക്കട്ടെ.

**ഭാവാർത്ഥം:** ഈശ്വരൻ ഉപദേശിക്കുന്നു. മനുഷ്യർ വേദമന്ത്രങ്ങൾ മനനം ചെയ്ത് പരമേശ്വരനായ സൂര്യൻ, വായു തുടങ്ങിയ പദാർത്ഥങ്ങളുടെ ഗുണങ്ങളെ നന്നായറിഞ്ഞ് എല്ലാവരുടെയും സുഖത്തിനായി പ്രയത്നം ചെയ്യുന്നതോടൊപ്പം ഉപകാരവും ചെയ്യണം.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്. തർജ്ജമ : കെ. എം. രാജൻ)***


## *ദയാനന്ദ സന്ദേശം വൈദിക മാസിക*



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





**ആര്യവീരഗാഥ – 2**

**ആര്യവീർദളം – ബാലപംക്തി**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**മൗ**ലവി അത് വിലക്കുകയും വെള്ളം കുടിക്കണമെങ്കിൽ ഇവടെയുള്ള കുടത്തിലെ കുടിക്കാൻ പറഞ്ഞു. എന്നാൽ ആത്മാഭിമാനിയായ ലേഖ്റാം ദാഹംസഹിച്ചുകൊണ്ട്തന്നെ ആ പകൽമുഴുവൻകഴിച്ചുകൂട്ടി.

മറ്റൊരുസംഭവമിപ്രകാരമാണ്. മിഡിൽ പരീക്ഷ എഴുതാനായി ലേഖ്റാം ചെന്നസമയത്ത് ചരിത്രവിഷയത്തെക്കുറിച്ച് ഒരു ചർച്ചനടക്കുകയായിരുന്നു. ഉത്തരമെഴുതാതെ ലേഖ്റാം വാദത്തിൽ പങ്കെടുത്ത് ഖണ്ഡനമാരംഭിച്ചു. അതിന്റെ പരിണാമമെന്തെന്നാൽ മറ്റെല്ലാവിഷയങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കിയ അദ്ദേഹം ഈ വിഷയത്തിൽ തോറ്റു. എന്നാൽ ചരിത്രവിഷയത്തിൽ തോറ്റ ഈ വിദ്യാർത്ഥിയെ അഞ്ചുവർഷങ്ങൾക്ക് ശേഷം പേഷാവാർ ജില്ലാ ഭരണകൂടം ചരിത്രരേഖകൾ സംയോജിപ്പിക്കുന്നതിന് നിയോഗിച്ചു.

ധാർമ്മിക സംഭവങ്ങളുടെ പ്രഭാവം ബാലനായലേഖ്റാമിൽവളരെ സ്വാധിനം ചെലുത്തിയിരുന്നു. ലേഖ്റാമിന് 11 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ ചെറിയച്ഛൻ ഗണ്ഡാറാം പേഷാവാർ പോലിസിൽസ്ഥിരമായി നിയമിക്കപ്പെട്ടു. ലേഖ്റാമിണ അദ്ദേഹം അങ്ങോട്ടേക്ക്‌വിളിപ്പിച്ചു. ഇവിടെ ലേഖ്റാമിന് പഠനത്തിനായി പലഅദ്ധ്യാപകരുടേയും അടുത്ത് പോകേണ്ടിവന്നു. അദ്ധ്യാപകർ ഭൂരിഭാഗവും മുസ്ലീം വിഭാഗത്തിൽപെട്ടവരായിരുന്നതിനാൽ കുട്ടികളുടെ മനസ്സിൽ ഇസ്ലാംമതബോധം വളർത്തിയെടുക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ലേഖ്റാമിന്റെ മൂർച്ചയേറിയ സംശയങ്ങൾക്കുമുന്നിൽ അവർക്ക് പിടിച്ചുനിൽക്കാനായില്ല.

## കർമ്മമേഖലയിൽ

ലേഖ്റാമിന്റെ ചെറിയച്ഛൻ പോലിസിലെ ഉന്നതപദവിയിലായിരുന്നു. 17 വർഷം പൂർത്തിയായ ലേഖ്റാമിനെ 1875 ഡിസംബർ 21 ന് പേഷാവാറിലെ പോലിസ് സേനയിൽചേർത്തു. രേഖാചിത്രമുണ്ടാക്കുന്ന ജോലിയായിരുന്നു അദ്ദേഹത്തിന് ലഭിച്ചത്. യഥാസമയം പ്രമോഷൻലഭിച്ച ലേഖ്റാം സാർജന്റ് ആയ ഒരു സിക്കുകാരനായ വ്യക്തിയുടെ സത്സംഗത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ച ലേഖ്റാമിന് ഈശ്വാരോപാസനയിൽ താത്പര്യം ജനിച്ചു.

കാലത്ത് ബ്രാഹ്മമുഹൂർത്തത്തിൽതന്നെ എഴുന്നേറ്റ് അദ്ദേഹം ഈശ്വരോപാസനയിൽ മുഴുകുമായിരുന്നു. ഗീതയും അദ്ദേഹം സ്വാദ്ധ്യായം ചെയ്യുമായിരുന്നു. അദ്വൈതവേദാന്ത ദർശനത്തിലും ലേഖ്റാം ആകൃഷ്ടനായി.

അദ്ദേഹത്തിൽ വൈരാഗ്യമുദിച്ചു ജോലിരാജിവെച്ച് വൃന്ദാവനത്തിൽ പോകാനാലോചിച്ചു. സംസ്കൃതത്തിൽ ആഴത്തിലുള്ള പഠനമദ്ദേഹമാഗ്രഹിച്ചു മാതാ–പിതാക്കൾ ലേഖ്റാമിന്റെ വിവാഹം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ തുടങ്ങി. എന്നാൽ ഗൃഹസ്ഥമെന്നപേര് കേൾക്കുന്നതുതന്നെ ലേഖ്റാമിനെ ഭയപ്പെടുത്തി. ഭജനയിലൂടെ മുന്നോട്ട് പോകാനാണ് അദ്ദേഹത്തിനഭിരുചിതോന്നിയത്.

(തുടരും)

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

**ചോദ്യം 8 : വേദങ്ങളിൽകാളയെകൊന്നുതിന്നുന്നതിന് ഉപദേശമുണ്ടോ ?**

**ഉത്തരം** : ഇതും മറ്റൊരു തെറ്റിദ്ധാരണയാണ്. വേദങ്ങളിൽ 'അഘ്ന്യാ' അതായത് കൊല്ലാൻപാടില്ലാത്തത് എന്ന് പശുക്കളെ വിശേഷിപ്പിക്കുന്നത് കാളകൾക്കും ബാധകമാണ്. യജുർവ്വേദം 12.73 ൽ അഘ്ന്യാ ശബ്ദം കാളകളെ ഉദ്ദേശിച്ചാണ്. കാണ്വ സംഹിതയിൽ സായണാചാര്യർ ഇതിനേക്കുറിച്ച് പറയുന്നണ്ട്. അഥർവ്വവേദം 9.4.17 ൽ പറയുന്നു. കാളതന്റെകൊമ്പുകളാൽ സ്വയംരക്ഷനടത്തുന്നു. എന്നിരുന്നാലുംമാനവസമുഹവും അവയുടെ രക്ഷയിൽ ഭാഗഭാക്കാവേണ്ടതുണ്ട്. അഥർവ്വവേദം 9.49.19 ൽ പശുവിനേയും കാളയേയും അഘ്ന്യ ശബ്ദംകൊണ്ട് വർണ്ണിക്കുന്നുണ്ട്. ബ്രാഹ്മണർക്ക് കാള(വൃഷഭം)കളെദാനംനൽകി ആ ദാതാക്കൾ തങ്ങളുടെ സ്വാർത്ഥത്യാഗംവരുത്തി ശ്രേഷ്ഠൻമാരായിത്തീരുന്നും. തങ്ങളുടെ ഗോശാലകളിൽപശുക്കളേയും കാളകളേയും സംരക്ഷിച് നിലനിർത്തട്ടെ. അഥർവ്വവേദം 9.4.20 ൽ പറയുന്നു. ആരാണ് സൽപാത്രങ്ങൾക്ക് വൃഷഭത്തെ (കാളയെ)ദാനം നൽകുന്നത് അയാൾക്ക് ഉത്തമപശുക്കളും സന്താനങ്ങളുമൂണ്ടാവുന്നു. ഇവയിൽനിന്നൊക്കെഗ്രഹിക്കേണ്ടത് പശുവിനോടൊപ്പം കാളകളുടെയും സംരക്ഷണം നടത്തണമൊന്നാണ്.

**ചോദ്യം 9 : പ്രായംചെന്നപശുക്കളേയും കാളകളേയും കൊല്ലാൻ വേദങ്ങളിൽ പറയുന്നുണ്ട്?**

**ഉത്തരം** : ഈ സംശയത്തിനു കാരണം ഋഗ്വേദത്തിൽ 8.43.11ൽ വന്ധ്യകളായ പശുക്കളെ അഗ്നിയിൽ ആഹുതിചെയ്യാൻവിധിയുണ്ട് എന്നുപറയുന്നുവെന്നാണ്. ഈ അർത്ഥം തികച്ചും തെറ്റാണ്. നിഘണ്ടു 3.3 അനുസരിച് ഈ മന്ത്രത്തിന്റെ യഥാർത്ഥ അർത്ഥമിപ്രകാരമാണ്. മഹാനായ സൂര്യൻതുടങ്ങിയവർപെലും പ്രളയകാലത്ത്(വശാ) അന്നം അഥവാഭോജ്യത്തിനുസമാനമായിത്തീരുന്നുവെന്നാണ്. ശതപഥം 5.1.3 പ്രകാരം പൃഥിവിയും (വശാ) അന്നസമാനംഭോജ്യവസ്തുവായിത്തീരുന്നു. ഇത്തരത്തിൽ പരമേശ്വരനെ നമസ്കാരപൂർവ്വം സ്തുതിക്കുകയും സേവനംനടത്തുകയുംചെയ്യുന്നു. വേദങ്ങളിലെ ഈ വിഷയങ്ങളെക്കുറിച്ച് ആശയകുഴപ്പമുണ്ടാവാനുള്ള മുഖ്യകാരണം വശാ, ഉക്ഷാ, ഋഷഭം തുടങ്ങിയ ശബ്ദംങ്ങളുടെ അർത്ഥം ശരിക്ക് മനസ്സിലാക്കാത്തതിനാലാണ്. യജ്ഞപ്രകരണത്തിൽ ഉക്ഷാ, വശാ എന്നിവക്ക് ഔഷധികൾ എന്നർത്ഥമാണ്. അവയെ അഗ്നിയിൽ ഹോമിക്കാവുന്നതാണ് സായണാചാര്യർ, മോണിയർവില്ല്യംസ് എന്നിവരുടെ അഭിപ്രായത്തിൽ 'ഉക്ഷാ' എന്ന ശബ്ദത്തിന്റെ അർത്ഥം സോമം, സൂര്യൻ, ഋഷഭം എന്നീപേരുകളുള്ള ഔഷധികളാണ്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
വൈദിക-ദാർശനിക മാസിക
പുസ്തകം : 4 ലക്കം 12

വേദ സൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ജ്യേഷ്ഠം – ആഷാഢം
1192 എടവം – മിഥുനം 2017 ജൂൺ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**



| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വാസ്കോഡഗാമ | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |
| വാർത്തകൾ | : | 15 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## നാസ്തി വേദാത്പരംശാസ്ത്രം



**ലോ**കത്തിൽ ഇന്ന് പ്രചരത്തിലുള്ള എല്ലാ മതമതാന്തര വിഭാഗങ്ങൾക്കും അവരുടെതായ ഒരു ധർമ്മ ഗ്രന്ഥമുണ്ട്. സനാതനധർമ്മനുയായികളായവർക്ക്(ഇന്ന് ഹൈന്ദവർ എന്ന് അറിയപ്പെടുന്നവർ)അത്തരത്തിലുള്ള ഒരു മതഗ്രന്ഥമുണ്ടോ എന്ന് ചോദിച്ചാൽ ഒന്നല്ല നിരവധി ഗ്രന്ഥങ്ങളുണ്ട് എന്നാണ് ഭൂരിഭാഗം പേരും പറയുക. പലരും കരുതുന്നത് ഭഗവദ്ഗീതയാണ് ഹൈന്ദവരുടെ അടിസ്ഥാനധർമ്മഗ്രന്ഥമെന്നാണ്. രാമായണവും ഭാഗവതവും മഹാഭാരതവുമൊക്കെ ആ ഗണത്തിൽ പ്പെടുമെന്നുംപറയും. ക്രിസ്തീയവിശ്വാസികൾക്ക് ബൈബിളും ഇസ്ലാം മതക്കാർക്ക് കുർആനും മാത്രമാണ് അടിസ്ഥാന മതഗ്രന്ഥങ്ങൾ എന്നവർ അർത്ഥശങ്കയില്ലാതെ പറയും. അത് ഈശ്വരീയമാണെന്നും അവർ വിശ്വസിക്കുന്നു. ഈശ്വരീയജ്ഞാനമെന്നവകാശപ്പെടുന്ന ഗ്രന്ഥങ്ങൾക്ക് താഴെ പറയുന്ന സവിശേഷതകൾ ഉണ്ടായിരിക്കണം.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

1. ഈ ജ്ഞാനം സൃഷ്ടിയുടെതുടക്കത്തിൽ മനുഷ്യരുടെ ഉൽപ്പത്തികാലത്തുതന്നെ നൽകപ്പെടണം. എന്നിരുന്നാൽ മാത്രമെ അവർക്ക് തങ്ങൾ ചെയ്യേണ്ടതും ചെയ്യാൻപാടില്ലാത്തതുമായ കർമ്മങ്ങളെ കുറിച്ച് ബോധം ഉണ്ടാവുയുള്ളൂ. മറ്റു മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യർക്ക് ആരെങ്കിലും പഠിപ്പിക്കാതെ ഒന്നും സ്വയമായി ചെയ്യാനുള്ള കഴിവില്ല. ഭക്ഷണം,പാർപ്പിടം,കൃഷി തുടങ്ങിയ സർവ്വതിനും പരിശീലനം ആവശ്യമാണെന്നുസാരം,

2. ഈ ജ്ഞാനത്തിൽ ചരിത്രപരമാർശങ്ങളൊന്നും ഉണ്ടാവരുത്.കാരണം ഇത് ചരിത്രമാരംഭിക്കുന്നതിനുമുൻപുള്ളതാണ്.

3.സൃഷ്ടി നിയമത്തിനും ശാസ്ത്രീയ നിയമങ്ങൾക്കും അനുസരിച്ചായിരിക്കണമത്.

4. ഈ ജ്ഞാനം പരിപൂർണവും പരസ്പരവിരുദ്ധമായ പരമാർശങ്ങൾ അടങ്ങാത്തതുമായിരിക്കണം. ഭരണഘടനഭേദഗതി ചെയ്യുന്നതുപോലെ ഇടക്കിടക്ക് ഭേദഗതി നിർദ്ദേശിക്കുന്നതാവരുത്. അതായത് ഈശ്വരന്റെ ജ്ഞനം പൂർണ്ണമാണ്.അതിനാൽ ആദ്യം പറഞ്ഞകാര്യം പിന്നീട് ഭേദഗതി വരുത്തേണ്ട അവശ്യം അദ്ദേഹത്തിനില്ല.

5. ഈ കർമ്മം ഈശ്വരന്റെ ഗുണകർമ്മസ്വഭാവത്തിനനുകൂലമായിരിക്കണം.അമരനും,അഭയനും, പവിത്രനും, ശുദ്ധനും, സർവ്വജ്ഞനും,സർവ്വവ്യാപിയും, നിരാകാരനും,ന്യായകാരിയും,സർവ്വാന്തര്യാമിയും, സച്ചിദാനന്ദനും, സൃഷ്ടി-സ്ഥിതി-സംഹാരം എന്നിവ നടത്തുന്നവനും നിയന്താവുമായ ഇശ്വരന്റെ ജ്ഞാനവും സത്യവും സമ്പൂർണവും സനാതനവുമായിരിക്കണം.

6. ഈ അറിവ് സാർവ്വകാലികവും സാർവ്വദേശികവും ലോകത്തിലെ എല്ലാ പ്രാണികൾക്കും ഉപകാരം നൽകുന്നതും വർഗ്ഗ-വർണ്ണ -ദേശ-കാല-ഭാഷ-ലിംഗ വ്യത്യാസമില്ലതെ ഏവർക്കും ഗുണം ചെയ്യുന്നതും പ്രേരകവുമായിരിക്കണം.

7. ഇത്തരത്തിലുള്ള ജ്ഞാനം ഈശ്വരനു മാത്രമേ നൽകാനാകൂ. അപൂർണ്ണനായ മനുഷ്യർ നൽക്കുന്ന ജ്ഞാനം അപൂർണ്ണവും പക്ഷപാതവും മിഥ്യാഭിമാനവുമുള്ളതായിരിക്കും

മേൽവിവരിച്ച ലക്ഷണങ്ങൾ പ്രമാണമാക്കിയാൽ വേദങ്ങൾ മാത്രമാണ് ഈശ്വരീയ ജ്ഞാനം എന്ന് വ്യക്തമാവും. ലോകത്തിലെ മറ്റു ധർമ്മഗ്രന്ഥങ്ങളായ ഭഗവത്ഗീത, രാമായണം, മഹാഭാരതം, ഭാഗവതാഭിപുരാണങ്ങൾ, ബൈബിൾ, കുർആൻ തുടങ്ങിയ ഗ്രന്ഥങ്ങളൊന്നും ഇശ്വരീയ ജ്ഞാനമെന്നപദവിയിൽ വരുന്നില്ല. ഇവയെല്ലാം മനുഷ്യനിർമ്മിതവും ഓരോരോ കാലഘട്ടത്തിൽ മനുഷ്യനന്മയെ ഉദ്ദേശിച്ച് മഹാപുരുഷൻമാർ ഉണ്ടാക്കിയതാണ് എന്ന് ബോധ്യപ്പെടും. പരമപ്രമാണമായ ഇശ്വരീയ ജ്ഞാനമായ വേദങ്ങൾക്കുതന്നെയാണ് മുഖ്യപരിഗണന നൽക്കേണ്ടത്. അതിനാലാണ് മഹർഷി ദയാനന്ദൻ 'വേദങ്ങളിലേക്ക് മടങ്ങാൻ' ആഹ്വാനം നൽകിയത്. നാസ്തി വേദാത്പരം ശാസ്ത്രം.

പത്രാധിപർ

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*





ശോകാദി ദുഷ്ടഗുണങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നത്, മറ്റുള്ളവരുടെ സംഭാഷണങ്ങൾക്കിടയിൽ കടന്നുകയറി അനാവശ്യമായി അഭിപ്രായം പറയാതിരിക്കുകയും ചെയ്യുന്നത് , അയാൾക്ക് പണ്ഡിതനെന്നതിന്റെ ഒന്നാമത്തെ ബുദ്ധിമത്താലക്ഷണമുണ്ട്.

**(തുടരും)**



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 7 ഈശ്വരനും വേദങ്ങളും

**ചോദ്യം 35: വേദാദ്ധ്യയനത്തിന് ആർക്കെല്ലാമാണ് അധികാരം?**

**ഉത്തരം** : എല്ലാമനുഷ്യർക്കും വേദംപഠിക്കാനവകാശമൂണ്ട്.

## പാഠം 8– സൃഷ്ടിവിഷയം

**ചോദ്യം 1 : ഈപ്രപഞ്ചം സൃഷ്ടിച്ചതാരാണ്?**

**ഉത്തരം** : ഈശ്വരനാണ് ഈപ്രപഞ്ചം സൃഷ്ടിച്ചത്.

**ചോദ്യം 2 : ഏതെല്ലാം പദാർത്ഥങ്ങളെകൊണ്ടാണ് ഈശ്വരൻ ഈപ്രപഞ്ചത്തെസൃഷ്ടിച്ചത്?**

**ഉത്തരം** : സത്വ - രജ - തമോ നാമത്താലറിയപ്പെടുന്ന പദാർത്ഥങ്ങളാണ് സൃഷ്ടിരചനക്കുപയോഗിച്ച പദാർത്ഥങ്ങൾ.

**ചോദ്യം 3 : സത്വ – രജ – തമോ എന്നിവയുടെ അർത്ഥമെന്താണ്?**

**ഉത്തരം** : എങ്ങനെയാണൊ ചപ്പാത്തിയുണ്ടോക്കാനുള്ള സാമഗ്രി ആട്ടയാകുന്നത്. അതേപോലെ പ്രപഞ്ചനിർമ്മാണത്തിനാവശ്യമായ സാമഗ്രികളാണ് സത്വ - രജ - തമോ പദാർത്ഥങ്ങൾ.

**ചോദ്യം 4 : പ്രകൃതി ജഡമാണോ? ചേതനമാണോ?**

**ഉത്തരം** : പ്രകൃതി ജഡമാണ്.

**ചോദ്യം 5 : പ്രപഞ്ചത്തിലാദ്യം നിർമ്മിക്കപ്പെട്ട പദാർത്ഥമേതാണ്?**

**ഉത്തരം** : മഹതത്ത്വമാണ് പ്രപഞ്ചത്തിലാദ്യംനിർമ്മിക്കപ്പെട്ട പദാർത്ഥം.

**ചോദ്യം 6 :പ്രപഞ്ചത്തിൽ ഏറ്റവും അവസാനം നിർമ്മിക്കപ്പെട്ട പദാർത്ഥമേതാണ്?**

**ഉത്തരം** : പഞ്ചമഹാഭൂതങ്ങളാണ് സൃഷ്ടിയിൽ അവസാനം നിർമ്മിക്കപ്പെടുന്ന പദാർത്ഥം.

**ചോദ്യം 7 : പഞ്ചമഹാഭൂതങ്ങൾ ഏതെല്ലാമാണ്?**

**ഉത്തരം** : പൃഥിവി,ജലം,അഗ്നി,വായു,ആകാശം എന്നിവയാണ് പഞ്ചമഹാഭൂതങ്ങൾ.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**സു**ഖംനൽകുന്ന വ്യവഹാരങ്ങളെ ഉപേക്ഷിച്ച് അതിനുവിപരീതമായ ആചരണങ്ങൾ ആചരിക്കവാൻ ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുക ഏതൊരു മനുഷ്യാത്മാക്കളാണ് !യഥായോഗ്യമായി പെരുമാറാതെ വല്ലവർക്കും സർവ്വസൗഖ്യം ഉണ്ടാവുമോ? മനുഷ്യന് നല്ലശിക്ഷണത്താൽ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവലഭിക്കില്ലേ? ഇവയുടെ ആചരണമില്ലാത്തവർ പശുതുല്യനായി ദുഃഖമനുഭവിക്കുകയില്ലേ ? എല്ലാവരും സുശിക്ഷിതരായിരിക്കേണ്ടതുകൊണ്ടാണ് കുട്ടികൾമുതൽ മുതിർന്നവരെ വരെബോധവൽക്കരിക്കാനായി ആചരണസംബന്ധമായ പഠനത്തിന് സംവിധാനം ചെയ്തിരിക്കുന്നത്.

**ചോദ്യം : പഠിപ്പിക്കാനും ശിക്ഷണം നൽകാനും യോഗ്യരായവർ ആരാണ്?**

**ഉത്തരം** : പഠിപ്പിയ്ക്കാനുള്ളവരുടെ ലക്ഷണമിതാണ്.

**ആത്മജ്ഞാനം സമാരംഭസ്തിതിക്ഷാ ധർമ്മനിത്യതാ।**

**യമർഥാനാപകർഷന്തി സ വൈ പണ്ഡിത ഉച്യതേ॥1॥**

ആർക്കാണൊപരമാത്മാവും ജീവാത്മാവും എന്തെന്ന യഥാർത്ഥജ്ഞാനമുള്ളത്, ആലസ്യം വെടിഞ്ഞ് സദാകർമ്മനിരതനായിരിക്കുന്നത്, സുഖദുഃഖങ്ങളുടെ സഹനം, ധർമ്മം നിത്യംഅനുഷ്ഠിക്കുന്നവൻ, ആരേയാണൊ ഒരു വസ്തുമൂലവും ധർമ്മത്തിൽ നിന്ന് അധർമ്മത്തിലേക്ക് വലിച്ചിഴക്കാനാകാത്തത് എന്നീഗുണങ്ങളുള്ളവനാണ് പണ്ഡിതൻ

**നിഷേവതേ പ്രശസ്താനി നിന്ദിതാനി ന സേവതേ।**

**അനാസ്തികഃശ്രദ്ധാന ഏതത് പണ്ഡിത ലക്ഷണമ്॥2॥**

ആരാണൊഎല്ലായ്പ്പോഴും പ്രശസ്തവും ധർമ്മയുക്തവുമായ കർമ്മങ്ങളനുഷ്ഠിക്കുന്നതും നിന്ദിതവും അധർമ്മയുക്തവുമായ കർമ്മങ്ങൾ ചെയ്യാതിരികുന്നതു ഈശ്വരൻ, വേദം, ധർമ്മം എന്നിവക്ക് വിരോധിയാവാതിരിക്കുന്നതും പരമാത്മാവിലും സത്യവിദ്യ, ധർമ്മം എന്നിവയിൽ ഉറച്ചവിശ്വാസിയുമായിരിക്കുന്നത് അദ്ദേഹത്തെ പണ്ഡിത ലക്ഷണമുള്ളവനെന്നുപറയും.

**ക്ഷിപ്രം വിജാനാതി ചിരം ശൃണോതി വിജ്ഞായചാർത്ഥം ഭജതേ ന കാമാത് ।**

**നാസംപുഷേടാ ഹ്യുപയുങ്ക്തേ പരാർത്ഥേതത് പ്രജ്ഞാനം പ്രഥമം പണ്ഡിതസ്യ ॥3॥**

ആരാണൊ വേദാദിശാസ്ത്രങ്ങളുടേയും മറ്റുള്ളവർപറഞ്ഞ അഭിപ്രായങ്ങളുടേയും അർത്ഥം വളരെ പെട്ടന്ന് മനസ്സിലാക്കുന്നത്,ദീർഘകാലം വേദാദിശാസ്ത്രങ്ങളേകുറിച്ച് ധാർമ്മികരായ പണ്ഡിതൻമാർ പറയുന്നത്കേട്ട് ശരിയായി മനസ്സിലാക്കി നിരഭിമാനിയായി ശാന്തതയോടുകൂടി മറ്റുള്ളവർക്ക് പ്രത്യുത്തരം നൽക്കുക, പരമേശ്വരൻ മുതൽ പൃഥിവിപര്യന്തമുള്ളവയെ അറിഞ്ഞ് അവയെ ശരിയായി വിനിയോഗിക്കുന്നതിൽ തന,മന,ധനാദികളെ പ്രവൃത്തമാക്കുകയും കാമ, ക്രോധ, ലോഭ, മോഹ, ഭയ,

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

**അഥ വേദോൽപത്തി വിഷയഃ**

ചിലർ വേദോൽപത്തി കാലവും സൃഷ്ടികാലവും വ്യത്യസ്തമാണെന്ന് പറയുന്നു. ഇത് ശരിയല്ല. എന്തന്ന് ഗ്രന്തകാരൻ സംസ്കൃതതിൽ ഭാഷനുവാദത്തിലും വേദോൽപത്തികാലത്തിൽ സമാനമാണ് സൃഷ്ടികാലവും എന്ന് സ്പഷ്ടമായി പറയുന്നു. അതിനാൽ ഈ രണ്ട് കാലഗണനയിലും വ്യത്യാസമുണ്ടെന്നു അംഗീകരിച്ചു കഴിഞ്ഞതും വരാനിരിക്കുന്നതുമായ കാലത്തെ ഗണിക്കുന്നത് അനുചിതമെന്ന് മാത്രമല്ല, ഗ്രന്ഥകാരന്റെ കാഴ്ച്ചപാടിന് വിരുദ്ധവുമാണ്. ഇതിലെന്തിനധികം വിസ്തരിക്കണം).

ഇവയിൽ അവസാനത്തെ ഇരുപത്തിനാലാം വർഷം നടന്നുകൊണ്ടിരിക്കുകയാണ്. ഇനി വരൻ പോകുന്ന വർഷങ്ങളിലും ഒന്ന് കൂട്ടിചേർത്ത് ഒന്നിനെ കുറിച്ച് ഗതവർഷത്തിന്റെ ക്രമത്തെ ക്രമീകരിക്കേണ്ടതുണ്ട്. എങ്ങനെയാണൊ ഇരുവരേയും കൂട്ടിയും കുറിച്ചുകരുതുന്നത് അതേപോലെ.

ബ്രഹ്മദിനവും ബ്രഹ്മരാത്രിയും അതായത് ഈശ്വരൻ ഈ പ്രപഞ്ചത്തിന്റെ വർത്തമാനത്തേയും പ്രളയത്തേയും സംജ്ഞാരൂപത്തിൽ നൽകുന്നു. ഇതിനാലാണ് ഇതിന്റെ പേര് ബ്രഹ്മദിനമെന്നുവന്നത്. ഈ പ്രകരണത്തിൽ മനുസ്മൃതിയിലെ ശ്ലോകം സാക്ഷി രൂപത്തിൽ എഴുതിയിരിക്കുന്നു. ഈ ശ്ലോകത്തിൽ ദൈവ വർഷങ്ങളുടെ കണക്കു നൽകുന്നു. അതായത് നാലുയുഗങ്ങളും ചേർന്ന് പന്ത്രണ്ടായിരം (12000) ദൈവവർഷ യുഗമാണിത്. ഇപ്രകാരം അസംഖ്യം മന്വന്തരങ്ങളിലായി അവയുടെകണക്ക് പറയുക സാദ്ധ്യമല്ല. നിരവതി പ്രാവിശ്യം സൃഷ്ടിച്ചുകോണ്ടെയിരിക്കുന്നു. ഇനി അനേകം പ്രാവിശ്യം ഉണ്ടാവുകയും ചെയ്യും. ഇപ്രകാരം സർവ്വശക്തിമാനായ ജഗദീശ്വരൻ സഹജസ്വഭാവത്തിൽ ഈ സൃഷ്ടി പലപ്രാവിശ്യം നടത്തുകയും സംരക്ഷിക്കുകയും പ്രളയംനടത്തുകയും ചെയ്യും. എന്നും അങ്ങനെ തന്നെ ആയിരിക്കും.

ഈ വർത്തമാന സൃഷ്ടിയുടെ ഉൽപത്തിയും പ്രളയവും വേദോൽപത്തിയും മനുഷ്യർക്ക് ഗണണിച്ചെടുക്കാൻ സൗകര്യപ്പെടുന്നതിനാണ് ബ്രാഹ്മദിനം തുടങ്ങിയ സംജ്ഞകൾ നൽകിയിരിക്കുന്നത്. മാത്രമല്ല, മന്വന്തരത്തിന്റെ പരിവർത്തനത്തിൽ സൃഷ്ടിയുടെ നൈമിത്തിക ഗുണത്തിൽ ഏതാനും പരിവർത്തനവും സംഭവിക്കുന്നു. (വൈദികയന്ത്രാലയം, അജ്മേർ പ്രസിദ്ധീകരിച്ച പാഠം ഇപ്രകാരമാണ്. സൃഷ്ടിയുടെസ്വഭാവം ഓരോ മന്വന്തരത്തിലും പുതിയതും പഴതുമായി മാറിക്കോണ്ടിരിക്കുന്നു. ഈ പാഠം സംസ്കൃതത്തിന്റെ പൂജ്ഞമായ അഭിപ്രായമാണെന്നുകണക്കാക്കാനാവില്ല). അതിനാൽമന്വനനം എന്ന സംജ്ഞനയാൽ ബന്ധിച്ചിരിക്കുന്നു. വർത്തമാന സൃഷ്ടിയിലെ കൽപ്പ ,സംജ്ഞനയും പ്രളയത്തിന്റെ വികൽപ്പ സംജ്ഞനയും നൽകിയിരിക്കുന്നു.

ഈ വർഷങ്ങളുടെ ഗണന ഇപ്രകാരം ചെയ്യുന്നു. (ഏകദേശം ശതം ചൈവ) ഒന്ന് (1) പത്ത് (10), നൂറ് (100) ആയിരം (100), പതിനായിരം (10000) ലക്ഷം (100000), പത്തുലക്ഷം (നിയുതം 1000000) , കോടി (10000000), അർസുദം (പത്തു കോടി , 100000000) , വുന്ദം (നൂറുകോടി 1000000000), ഖർവ്വ (നൂറായിരം കോടി 10000000000), നിഖഷം (പതിനായിരം കോടി 100000000000), ശംഖം (ലക്ഷം കോടി 1000000000000) പദ്മം (കോടി കോടി 10000000000000) , സാഗരഃ (100000000000), പരാർധ്യം (1000000000000000), ജ്ഞനെ പത്തിന്റെ ഗമണിതങ്ങളായി സൂര്യ സിദ്ധാന്തതി ജ്യോതി ഷദ്രന്ഥങ്ങളിൽ ദണച്ചെടുക്കുന്നു.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വൈദിക ഈശ്വരൻ

**ചോദ്യം** : ഇതിനർത്ഥം ക്ഷേത്രങ്ങളും, രാമൻ, കൃഷ്ണൻ, ദുർഗ്ഗ, ലക്ഷ്മി എന്നിവരെ ആരാധിക്കുന്നതും തെറ്റാണെന്നാണോ ?

**ഉത്തരം** : ഉദാഹരണ്തിന് സാധ്വിയായ ഒരമ്മ ഒരുകുഗ്രാമത്തിൽ ജീവിക്കുന്നു. അവരുടെ മകനെ ഒരു പാമ്പുകടിക്കുന്നു. ഉടൻ തന്നെ അവൻ ഒരു മന്ത്രവാദിയെ സമീപിച്ച് തന്റെ മകനെ തന്ത്രവിധികളാൽ രക്ഷപ്പെടുത്താൻ അപേക്ഷിക്കുന്നു. അവർ ചെയ്യുന്നത് ശരിയാണോ തെറ്റാണോ എന്ന് താങ്കൾ പറയുമോ ?

ബഹുഭൂരിപക്ഷം വിശ്വാസികളും അവർ ഹിന്ദുകളോ, ഇസ്ലാം വിശ്വാസികളോ, ക്രിസ്ത്യനികളോ ആവട്ടെ. അവരെല്ലാം ഈ സ്ഥിതിയിലാണ് അവരുടെ ഉദ്ദേശശുദ്ധിയഥാർഥവും ബഹുമാനാർഹവുമാണ്. പക്ഷേ അജ്ഞതമൂലം അവർതെറ്റായ തറത്തിലാണ് ഈശ്വരാരാധന ചെയ്യുന്നത്. വേദത്തെകുറിച്ച് അറിയുന്നവരെ അല്ലെങ്കിൽ ചുരുങ്ങിയത് ഹിന്ദുക്കളെങ്കിലും വേദപ്രമാണ്യത്തേ പരമപ്രമാണമായി അംഗീക്കരിക്കും. ഇതിഹാസനായകരെ ബഹുമാനിക്കാനും അവരോടുള്ള കടപ്പാടുകൾ തീർക്കാനും നമുക്ക് ആവരുടെ മഹനീയ പ്രവർത്തികൾ സ്വന്തം ജീവിതത്തിന്വൽ പകർത്തുകയാണ് വേണ്ടത്. ഉദാഹരണത്തിന് രാവണനെ നോക്കുക, അഴിമതി, തീവ്രവാദം, അസാൻമാർഗ്ഗികത തുടങ്ങിയെല്ലാം രാവണന്റെ രൂപഭാവങ്ങളാണ്. നമുക്ക ഐക്യത്തോടെ നിയമവിധേയമായി ഇത്തരം ദുർപ്രർത്തികൾ നിരോധിക്കാനാലവുമെങ്കൽ അതു തന്നെ യാണ് രാമനെ ആദരിക്കാൻ കൃഷണന്റെയും ദുർഗ്ഗയുടേയും ഹനുമാന്റെയും കാര്യവും ഇതുതന്നെ.

ഞാൻ ചെറുപ്പം മുതലേ ഹനുമാന്റെ ഒരാരാധകനായിരുന്നു. സാമൂഹ്യസേവനത്തിനാവശ്യമായ സദാചാര നിഷ്ഠകളും സ്വഭാവങ്ങളും ശക്തവും ആരോഗ്യപൂർണ്ണവും ശരീരവും ഉണ്ടാക്കിയെടുക്കലിലൂടെയാണ് ഞാൻ ഹനുമാനെ പ്രകീർത്തിച്ചത്. ദുർബ്ബലമായ ശരീരവും അസുഖങ്ങളുള്ള വയറും കൊണ്ട് ധാരാളം ലഡ്ഡു തിന്നുകൊണ്ട് ഹനുമാനെ ആരാധിക്കുന്നതിലെത്തർത്ഥമാണെന്നുള്ളത്.

ഈ ആരാധനാ രീതികൾക്കു പിന്നിലുള്ള ഉദ്ദേശലക്ഷ്യങ്ങളുടെ വളരെ ബഹുമാനത്തോടെ കണ്ടുകൊണ്ട് ആരാധകരുടെ ശുദ്ധമായ നേസ്സിനും മുന്നിൽ തലക്കുനിച്ചുകൊണ്ട് അവർ ഏതു വിഭാഗകക്കാരാട്ടെ ആവർ രാമൻ, കൃഷ്ണൻ എന്നിവർ അവരുടെ ജീവിതകാലത്ത് അനവർത്തിച്ചിരുന്നു ആരാധന രീതി അവലംബിക്കുന്നതു കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**ചോദ്യം** : ഈശ്വരൻ സർവ്വ ശക്തനാണോ അഥവാ എല്ലാം ചെയ്യാൻ കഴിയുന്നവാണോ ?.

**ഉത്തരം** : അതെ. ആദ്ദേഹം, സർവ്വശക്തനാണ്. ഇതിനർത്ഥം അദ്ദേഹത്തിനിഷ്ടമുള്ള എന്തും ചെയ്യുക അച്ചടക്കരാഹിതയമാണ്. മറിച്ച് ഈശ്വരൻ തികഞ്ഞ അച്ചടക്കമുള്ളവനാണ്. സർവ്വശക്തൻ എന്നു പറഞ്ഞാൽ തന്റെ പ്രവൃത്തികൾ സൃഷ്ടി- സ്ഥിതി- സംഹാരം ചെയ്യുൻ അദ്ധേഹത്തിന് ആരുടേയും സഹായംആവശ്യമില്ല. തന്റെ പ്രവൃത്തകൾ ചെയ്യുൻ അദ്ധേഹം സമർത്ഥനാണ്.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി




**ചോദ്യം61**: ചെയ്യുന്നതു ചെയ്യിക്കുന്നതും ദൈവമാണെങ്കിൽ അതിന്റെഫലങ്ങൾ അനുഭവിയ്ക്കുന്നതും ദൈവമായിരിയ്ക്കും. പിന്നെയെന്തുകൊണ്ടാണ് നമ്മൾ അനുഭവിക്കുന്നത്. ചിന്തകർമ്മങ്ങൾ ചെയ്യുമ്പോൾ നമ്മുക്ക് ഭയവും ലജ്ജയും സന്ദേഹവും തോന്നുന്നു സത്കർമ്മങ്ങൾ ചെയ്യൂമ്പോൾ നിർഭയത്വവും ഉൽസാഹവും പ്രസന്നതയും അനുഭവപ്പെടുന്നു ഇതെല്ലാം ഈശ്വരൻമൂലമാണ് സംഭവിക്കുന്നത് സത്കർമ്മങ്ങൾ ചെയ്യാൻ ഈശ്വരന്റെ പ്രേരണയുണ്ടെങ്കിലും അജ്ഞാനം കൊണ്ടും ജൻമജൻമാന്തരകർമ്മങ്ങളുടെ ഫലങ്ങൾമൂലവും ജീവാത്മാവ് ദുഷ്കർമ്മങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്ന ജീവാത്മാവ് സ്വതന്ത്രനായതുകൊണ്ട് അവർതന്നെയാണ് കർത്താവ്. കർത്താവ്തന്നെയാണ് ഭോക്താവ് എന്നത് അചബല നിയമമാണ്. അതായത് ആരാണൊ കർമ്മംചെയ്യുന്നത്,അയാൽ അതിന്റെ ഫലവുംഅനുഭവിക്കുന്നു.

ഒരാൾ ചെയ്യുകയ്യും മറ്റൊരാൾ അനുഭവിക്കുകയും ചെയ്യുക- ഇത് എപ്പോഴെങ്കിലും സാദ്ധ്യമാണൊ ? അങ്ങനെ സംഭവിചാൽ അത് അന്യായമാണ്. ഈശ്വരൻ ന്യായകാരിയാണ് അദ്ദേഹം ഒരിക്കലും അന്യായം ചെയ്യുകയെ അതിന് പ്രേരിപ്പിക്കുകയൊചെയ്യില്ല ആരാണൊ അന്യായം ചെയ്യുന്നത് അയാൾകുളള ശിക്ഷ ഈശ്വരൻതീർചയായും നൽകും.

എല്ലാകർമ്മങ്ങളും ചെയ്യുന്നതും ചെയ്യിക്കുന്നതും ഈശ്വനാണെങ്കിൽ ദുഷ്കർമ്മങ്ങൾ ചെയ്യുമ്പോൾ നമ്മുക്ക് ഭയംതോന്നുന്നത് എന്തുകൊണ്ടാണ് ? ഇത് ഈശ്വരന്റെ മൂന്നറിയിപ്പാണ്. സത്കർമ്മങ്ങൾ നമ്മുക്ക് സന്തോഷം തോന്നുന്നത് എന്തുകൊണ്ടാണ് ? നിർഭയത്വവും ഉൽസാഹവും തോന്നുന്നത് എന്തുകൊണ്ടാണ് ?. ഇതും ഈശ്വരകൃപയാൽ ലഭികുന്നതാണ് അതുകൊണ്ടാണ് ഈശ്വരനോട് സദ്സുകവിക്കവേണി പ്രാർത്ഥിക്കുന്നത്. ബുകവിശുകമവും പവിത്രവും മാണെങ്കിൽ കർമ്മവും നന്നായിരിക്കും ഗായത്രീമന്ത്രത്തിന്റെ മൂഖ്യ അർത്ഥം ഇതാണ് ആരാണൊ ഈമന്ത്രം അർത്ഥസഹിതം ശ്രദ്ധയോടെ ജപിക്കുകയും ആചരിക്കുകയും ചെയ്യുന്നത് അയാളിൽ ഈശ്വരന്റെ കൃപതീർചയായും ഉണ്ടായിരികികും.

ഈശ്വരൻ സത്കർമ്മങ്ങൾ ചെയ്യുനും ദുഷ്കർമ്മങ്ങളിൽനിന്നും വിട്ടുനിൽക്കാനുമുളള പ്രേരണ നൽകുന്നു എന്നാൽ അജ്ഞാനം മൂലം നമ്മൾ ആ ഈശ്വരവാണിയെ ശ്രദ്ധിക്കാതെപോകുന്നു. ജീവാത്മാവ് കർമ്മം ചെയ്യുന്നു ആ കർമ്മത്തിന്റെ ഫലം ഈശ്വരൻതീർചയായും നൽകുന്നു ഇതാണ് സത്യം.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

# വാസ്കോഡഗാമ ഒരു കപ്പൽ സഞ്ചാരി അതോ കൃസ്ത്യൻ കടലൽക്കൊള്ള കാരനോ

വാസ്കോഡഗാമ ഈ പേര് ചരിത്രപുസ്തകങ്ങളിൽ എഴുതപ്പെട്ടത് വലിയ കടൽസഞ്ചാരിയും, യൂറോപ്പിൽ മാർഗ്ഗം വഴികണ്ടെത്തിയ മഹാനും ആയാണ് ഇത് അണത്തെക്കാലത്തെ ഇന്ത്യയുടെ പ്രാധാന്യം വിളിചോതുന്നതാണ് വാസ്കോഡഗാമ കടൽമാർഗ്ഗം ഇന്ത്യയിലേക്കുള്ള വഴിയിലെ മുസ്ലീം ആധിപത്യം അവസനിപ്പിച്ച വ്യക്തിയാണ്. നൂറ്റാണ്ടുകളിൽ മുഴുവനും യുറോപ്പുക്കർ മുസ്ലീംമുകളുംമായ ഈ വ്യാപാരവഴിക്കായ നിരന്തരം പോരാടിയതാണ്

വാസ്കോഡഗാമ 1498 മെയ് 14 ന് കോഴിക്കോടിനടുത്തുള്ള കാപ്പാട് കടപ്പുണത്ത് വന്നിറങ്ങി അത് ഒരു സ്വതന്ത്രമായ വ്യപാരത്തിനുള്ള തുറമുഖമായിരുന്നു പലതരം കപ്പലുകൾ നങ്കുരമിട്ട തുറമുഖത്ത്,നിറയെകടകളും,വലിയസംഭരണശാലകളും ഉണ്ടായിരുന്നു ഗാമവന്നിരുന്ന പ്രത്യേകതരം കപ്പാലുകൾകാണാനായി നാട്ടുകാരായ ആളുകൾ സകൗതുകം കടപ്പുറത്തേക്ക് ഒഴുകിയെത്തിയിരുന്നു

സാമൂതിരി ആയാരിന്നു അക്കാലത്ത് അപ്രദേശം വാണിരുന്നത് സാമൂതിരിയെകാണാനായിപോയ വാസ്കോഡഗാമ ഹൈന്ദവക്ഷേത്രങ്ങൾകണ് പ്രർത്ഥനാനിരതനായിരുന്നു അദ്ദേഹത്തിന്റെ ധാരാണാപിശകയായിരുന്നു ഹൈന്ദവർ കൃസ്ത്യൻ മതാനുസാരികളാണെന്നുള്ളത്.

ഇവർ ഹിന്ദുക്കളുടെ അമ്പലങ്ങൾകണ് പള്ളികളാണെന്ന് തെറ്റിദ്ധാരണയുണ്ടായി അതു മത്രമല്ല ഇവിടത്തെ ബ്രാഹ്മണൻമാരുടെ രീത്കൾകണ്ട് കന്യാമറിയത്തിന്റെ ചുമരുകളിൽ കാണുന്ന ചിത്രങ്ങളും കൊത്തുപണികളുമെല്ലാം അവർ കൃസ്ത്യൻവിശുദ്ധരാണെന്ന് തെറ്റിദ്ധരിക്കുകയുമുണ്ടായാമൃഗരുപമുള്ള ദൈവരുപങ്ങളെല്ലാം കണ്,അവർളതെല്ലാം പ്രാദേസിക കൃസ്ത്യാനികളണെന്നു കുടിധരിചുവശായരാകി ഇതെല്ലാം പണ്ടെയുപണ്ടെ ഇന്ത്യക്കാരായ കൃസ്ത്യാനികൾ അവരുടെ പള്ളികളിൽ അനുവദ്രചിരുന്നെന്നും അവർ ധരിചുവശായി. ഈവക കാര്യങ്ങളെല്ലാം കണ്ടപോൾ ഇവിടെയുളളവർ മുസ്ലീംങ്ങളല്ല എന്ത് മനസ്സിലായി അങ്ങനെചോർച്ച് ശീസുകാർ ഇവിടത്തെകാരോടൊപ്പം,മന്ത്രങ്ങൾ ഉരുക്കഴിക്കാനും മറ്റുംതാല്പര്യത്തോടെ ഒപ്പംചേർന്നു ഹിന്ദുവൈദികൻ കൃഷ്ണൻഎന്ന് ഉചരിചപ്പോൾ,പറങ്കികൾ,കൃസ്തു എന്നാണ്കേട്ടത് {ഒകേ നിഗേൽക്ലിഫ്,പോളിവാർഹൗവാസേകാഡഗാമാസ് എവിക് വോയേജ്ടേണ്ഡ്ദ ടൈഡ് ഇൻ.എ സെഞ്ച്വറീസ്, ഓൾഡ്ക്ലാഷ് ഓഫ് സിവിലൈസേഷൻസ്- 2011}

നാവികരെ 3000 നായർപടയാളികളോടൊപ്പം പരസരാഗതശൈലിയിൽ സ്വീകരിചാനയിചു രാജാവ് ഒരു പചസിംഹാസനത്തിൽ,പളപളതിളങ്ങുന്ന വേഷത്തിൽ മുത്തുകൾകോർത്ത മാലയും ഹൃദയാകൃതിയിലുള്ള മരതകമാലയിൽ മറ്റ് വിധ അലങ്കാരങ്ങളായി രാജേചിത്രമായാണ് ഇരുന്നത് ഗാമകൊടുത്തയച സമ്മാനങ്ങൾ സാമുതിരിക്ക് തുച്ഛവും,വിലയില്ലാത്തതുമായിതോന്നി. എന്നിരുന്നാലും സ്വർണ്ണത്തിനും വെള്ളിയ്ക്കും പകരമായി വ്യാപാരത്തിനായി നല്ലാമെന്ന് കരാറുണ്ടാക്കി. വാസ്കോ അവയെല്ലാം കൊണ്ട്വേഗം പോർചുഗലിലേക്ക് മടങ്ങി അദ്ദേഹത്തിന് സ്വന്തം ആളുകളെ സഞ്ചാരത്തിനിടയ്ക്ക് പലപ്പോഴായും നഷ്ടപ്പെട്ടാലും അറബികളുടെ മേല്ലോയ്മ- ഇല്ലാതാക്കാൻ അദ്ദേഹത്തിന് സാധിചു പോർചുഗലിൽ വലിയവലിയ 13 കപ്പലുകളിൽ 1200 പടയാളികളും,പടക്കോപ്പുമായി വീണ്ടും ഇന്ത്യപര്യടനത്തിനായി തയ്യാറാക്കി.

**ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)**
**അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

**മഹർഷി ദയാനന്ദ സരസ്വതി**
*തർജ്ജമ: കെ.എം. രാജൻ*

## ഭാഗം – 2 സംസ്കാരങ്ങൾ




**14. വാനപ്രസ്ഥം** : പുത്രന് പുത്രൻ ഉണ്ടായികഴിഞ്ഞാൽ സ്ഥാനയവായക്തി വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്ന വ്യവസ്ഥയുണ്ടായിരുന്നു. വാനപ്രസ്ഥാക്രമത്തിൽ ധർമ്മങ്ങളെ കുറിച്ചും സത്യാസത്യങ്ങളെ ക്കുറിച്ചും തീരുമാനം എടുക്കേണ്ടതുണ്ട്. ചിന്തിക്കാനുമുള്ള സമയം ധാരാളമുണ്ട്.

**15. സംന്യാസം** : വിശേഷ രീതിയിൽ ധാർമികകാര്യങ്ങൾ നടത്തുന്നതിനുള്ള ജനഹിതത്തിനും വേണ്ടി പ്രവർത്തിക്കന്നതിനാണ് ഈ ആശ്രമം.

**16. അന്ത്യേഷ്ടി** : ആശ്വാലായന സൂത്രത്തിൽ ഈ സംസ്കാരത്തെകുറിച് വർണണ്ണിചിട്ടുണ്ട്. ഇന്ന് നമ്മുടെദേശത്ത് അന്വേഷ്ടി മൂൻരീതിയിൽ കാണുന്നുണ്ട്. ചിലർ ശവശരീരംദഹിപ്പികുന്നു വേറൊരുകൂട്ടർ വനത്തിൽതളളുന്നു. മറ്റൊരുവിഭാഗംജലസമാധിയാക്കുന്നു.

പ്രാചിനാര്യൻമാർക്ക് അന്ത്യേഷ്ടിയജ്ഞമാണ്. അവയിൽ ദഹിപ്പിക്കലാണ് മുഖ്യം. മൃതദേഹത്തെമണ്ണിൽ കുഴിചിടുന്നവർ ദഹിപ്പികുന്നത് ക്രൂരതയാണെന്ന് സംശയമുന്നയിക്കാറുണ്ട്.എന്നാൽ മുസൽമാൻമാർ തുടങ്ങിയവർ(മൃതദേഹം മണ്ണിൽഅടക്കംചെയ്യുന്നവർ) മൃതശരീരം മണ്ണിൽകുഴിചുമൂടുന്നതുമൂലം രോഗങ്ങൾക്ക് കാരണമാവുന്നുവെന്ന് മനസ്സിലാക്കണം

ശരീരത്തെജലത്തിൽ തളളിവിട്ടാൽ മൽസ്യങ്ങൾ അവയെ ഭക്ഷിക്കുകയും അതൊരുപരോപകാരംകൂടിയല്ലെ എന്ന്ചിലർചോദിക്കാനിടയുണ്ട്. എന്നാൽജലമലിനീകരണമാണിവിടെ സംഭവിക്കുക. ഇതിനേകുറിചുംകൂടുതൻ വിവരിക്കേണ്ട ഇത്ത്- ഗംഗയെപ്പോലുള്ള മഹാനദികളിൽ ശരീരാവശിഷ്ടങ്ങൾ (അസ്ഥി, ഭസ്മം) ഒഴുകുന്നതുമൂലം മലിനമാക്കപ്പെടുന്നു. അപ്പോൾ ചെറിയനദികളുടെ അവസ്ഥപറയേണ്ടതുണ്ടോ ? ഗംഗാനദിയിൽ അനേകം പേർഅസ്ഥിനിക്ഷേപിക്കാറുണ്ട്. ഇത് എത്രമോശമാണെന്നോർകുക. മരിചപ്രാണികളുടെ ശരീരം ജഡമാണ് അവഗംഗയിലൊഴുകുന്നതുമൂലം എന്താണ്ലാഭം? വനത്തിൽഉപേക്ഷികുന്നതുമൂലവും ദുർഗ്ഗന്ധമുണ്ടാവുകയും തൻമൂലം രോഗങ്ങളുണ്ടാവുകയും ചെയ്യുന്നുവെന്നത് പ്രത്യേകിചുപറയേണ്ട ആവശ്യമില്ല.

അതിനാൽ പ്രാചിനാര്യൻമാർ 'ദഹിപ്പിക്കൽ' മുഖ്യമായികരുതിയിരുന്നു. അത് ശരിയാണുതാനും അവർ ശ്മശാന ഭൂമിയിൽ ഒരുവേദിയുണ്ടാക്കുകയും അവയെ ഇഷ്ടികകളാൽപടുകയും അതിൽ മൃതദേഹത്തെദഹിപ്പികുമ്പോൾ 20 സേർനെയ്യും ചന്ദനം മൂതലായ സുഗന്ധിത പദാർത്ഥങ്ങൾ അർപ്പിക്കുകയും ചെയ്തിരുന്നു. ശുക്ലയജുർവ്വേദം 39ാം അദ്ധ്യായത്തിൽ ഇവയുടെ വിവരണമുണ്ട്

ഇക്കാലത്ത് അന്ത്യേഷ്ടിസംസ്കാരം യഥാവിധിനടത്തപ്പെടുന്നില്ല പേരിനുമാത്രമായി നട

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ**

ത്തുന്നു. യാഥാസ്ഥിതികർനിർബ്ബന്ധസുകവിയോടെ പ്രവർത്തികുന്നു ജനങ്ങളുടെക്ഷേമത്തിനും നൻമകമായി സംസ്കാരങ്ങളുടെ വിഷയത്തിൽമാറ്റങ്ങൾ കൊണ്ടുവരേണ്ട്ത് അനിവാര്യമാണ്

ഓം ശാന്തിഃ ശാന്തിഃ ശന്തിഃ

***(തുടരും)***

***മാ നിന്ദത (ഋഗ്വേദം 4.5.2)***
***നിന്ദിക്കാതിരിക്കൂ!***






*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



തണ്ടിലേറി തെണ്ടുകാട്ടിനടന്നിരുന്ന അച്ഛൻ തണ്ടലൊടിഞ്ഞ മനുഷ്യസമാനനായി. തോളിലേറ്റിയ മാറാപ്പാണെങ്കിൽ ചെറുതൊന്നുമല്ല. ഭാരിചതാണുതാനും. രണ്ടായിഭാര്യമാർ അപ്പോഴേക്ക്പാചന്റെ അമ്മ ഋതുമതിയായിക്കഴിയാത്തതുകൊണ്ട് സന്തതി ഉണ്ടാവാൻതാമസം നേരിട്ടപ്പോൾ അദ്ദേഹമൊനവേളി കൂടികഴിചു. അങ്ങനെ രണ്ടുപത്നിമാരായിഅച്ഛന് രണ്ടിലുംകൂടി 5ആണും 5 പെണ്ണുമുണ്ടായി അപ്പോൾ ഭാര്യമാരടക്കം 12 പേരായിതോളിൽ. പാചാവതാരത്തിനു മൂമ്പായിരുന്നു ഈ നാടകമേളയെല്ലാം പുത്രൻമാരിൽസിമന്തർ ചെറിയമ്മയിലുളളതാണ്. ആദ്യഭാര്യയായഅമ്മയിൽ ഒന്നാമത്തേത് പെണ്ണും. അവരാണ്എല്ലാവരേക്കാളും മൂത്തവൾ ചെറിയമ്മയുടെ മകനായവലിയ ജ്യേഷ്ഠന് 13 ആയിട്ടില്ല വയസ്സ് അവിടുന്ന് താഴോട്ടുളളവരുടെ പ്രായം ഊഹിക്കാവുന്നതേയുളളു മൂത്തവൾക്ക് വയസ്സ് പതിനഞ്ചോളമെത്തിയിരുന്നു. എന്തുചെയ്യാം നോകുമ്പോളൊ ഒരു പിടിയുമില്ല. മേലെആകാശവും താഴേ ഭൂമിയുംമാത്രം.

ആഗോളചക്രവർത്തിയും അതിശയസികവനും അതുല്ല്യധമ്മാത്മാവും സാമ-ദാന-ഭേദ-ദണ്ഡങ്ങൾ മുഖേന ഭൂഗോളത്തെ ധർമ്മത്തിന്റെ വരുതിയിൽനിർത്തി സൂര്യസമാനം ഭരണചക്രം തിരിചിരുന്ന നളമഹാരാജൻപോലുംഅധികാ രൈശ്വര്യാഹങ്കാരത്തിന്റെ വലയിൽപെട്ട് സ്വന്തംപത്നീപാലനത്തിനുപോലും പ്രാപ്തിയില്ലാത്ത ഭർത്താവായികാട്ടിലലഞ്ഞുനടന്നില്ലേ ? പിന്നെഅച്ഛനെ ഷോലുളള വെറുംസാധാരണനായ മനുഷ്യനെപ്പറ്റിപറയാനുണ്ടോ ? നളനെസംബന്ധിചിടത്തോളം ഭാര്യഒന്നേയുളള അദ്ദേഹത്തിന്റെ തോള് ഭാരമേറിയതായിരുന്നു. അതിൽ 12 പേരുണ്ട് യുകവ ഭൂമിയിൽപോകുന്നപട്ടാളക്കാരന്റെ പുറത്തുളള ഭാരംപോലെ നളനെ ചൂതാട്ട ഔൽസുത്യമാണ് പാപ്പരാക്കിയതെങ്കിൽ,ഭരണമെന്തെന്നറിയാത്ത പിടിപ്പുകെട്ട അധാമ്മികസ്വാത്ഥികളായ ഇന്നത്തേ ഭരണകർത്താക്കളെപ്പോലെ കഴിവില്ലായ്മയാണ് കുളത്തിലിറക്കിയതെന്നുമാത്രം.

അച്ഛൻ അജ്ഞാതവസിയായി നാടുവിട്ടു ! അതിനുശേഷം ആഭാരിച ഭാണ്ഡം ആരുപേറും അമ്മമാരല്ലാതെപിന്നെ ? മാതാപിതാക്കളുടെ സ്നേഹത്തിനന്തരമൂണ്ട്. മാതാവിന്റെ അദ്വൈതസ്നേഹമാണെങ്കിൽ പിതാവിന്റേത് ഉത്തരവാദിത്വബോധാത്മകമാണ് സ്വന്തം ഉത്തരവാദിത്വത്തിന്റേയും കടമയുടെയും വിളികേട്ടുപോയതാണച്ഛൻ. അവിടെ ദ്വൈതഭാവമുണ്ട്. മറ്റേതിൽരണ്ടെന്നഭാവമില്ല താൻതന്നെയാണ് തന്റെ കുഞ്ഞുങ്ങളും, ശരീരാരാംഗങ്ങളെന്നപോലെ.

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***